# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 392 28.11.2018-ൽ മറുപടിക്ക്

## ടിപ്പുവിന്റെ കോട്ട

**ചോദ്യം**

ശ്രീ.വി. കെ. സി. മമ്മത് കോയ

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിലെ ഫറോക്കിലുള്ള ടിപ്പുവിന്റെ കോട്ടയുടെ അവശേഷിക്കുന്ന ഭാഗം ചരിത്ര സ്മാരകമായി സംരക്ഷിക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ; | (എ) & (ബി) | കോഴിക്കോട് ജില്ലയിലെ ഫറോക്കിലുള്ള ടിപ്പുവിന്റെ കോട്ടയും അനുബന്ധ സ്ഥലവും പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതി മുമ്പാകെ WP(C) 31351/2009, WP(C) 1989/2010 നമ്പരായി രണ്ടു കേസുകൾ നിലവിലുണ്ട്. കോട്ടയും അനുബന്ധ സ്ഥലങ്ങളും സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലാണ്. ടി കേസുകൾ നിലവിലുള്ള സാഹചര്യത്തിൽ ടി സ്മാരകത്തിന്റെ സംരക്ഷണ നവീകരണ പ്രവൃത്തികൾ നടത്തുവാൻ വകുപ്പിന് സാധിച്ചിട്ടില്ല. |
| (ബി) | ഈ സ്മാരകം സ്ഥിതി ചെയ്യുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം സ്വകാര്യ വ്യക്തികളിലാണോ; എങ്കിൽ ഇത് ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ